# മലയാളഭാഷാസാഹിത്യത്തിൽ രാമായണത്തിൻെറ സ്വാധീനം

**വാസുദേവ് പുളിക്കൽ**

എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണവും വാൽമീകി രാമായണവും മലയാള ഭാഷാസാഹിത്യത്തിൻെറ വികാസപരിണാമത്തിൽ ചെലുത്തിയുട്ടുള്ള സ്വാധീനത്തെ പറ്റി ചർച്ച ചെയ്യുമ്പോൾ എന്താണ് സാഹിത്യം, എപ്പോഴാണ് ഭാഷ സാഹിത്യമാകുന്നത്, എഴുത്തച്ഛൻെറ കാലത്ത് മലയാള ഭാഷാസാഹിത്യത്തിൻെറ അവസ്ഥ എന്തായിരുന്നു എന്നൊക്കെ ചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. സാഹിത്യത്തിന് ഒരു നിർവ്വചന ം നൽകാൻ പല പണ്ഡിതന്മാരും ചിന്തകന്മാരും ശ്രമിച്ചിട്ടുണ്ട്. സാഹിത്യം ഭാഷയുടെ രൂപഭേദമാണ് എന്ന് നിർവ്വചനത്തോട് സാമാന്യമായി എല്ലാവരും യോജിക്കുന്നുണ്ടെങ്കിലും സമ്പൂർണ്ണവും സർവ്വസമ്മതവുമായ ഒരു നിർവ്വചനം ഇതുവരെ ഉണ്ടായിട്ടില്ല. എപ്പോഴാണ് ഭാഷ സാഹിത്യമകുന്നതെന്ന് കൈനിക്കര കുമാരപിള്ളയെ പോലുള്ള പണ്ഡിതന്മാർ ചർച്ച ചെയ്ത് സോദാഹരണം സമർത്ഥിച്ചിട്ടുണ്ട്. അതിൻെറ വിശദാംശത്തിലേക്ക് കടക്കാൻ ഇവിടെ പഴുതില്ലല്ലൊ. ഭാഷ മനുഷ്യൻെറ വികാരങ്ങളേയും വിചാരങ്ങളേയും ഉദ്ദീപിപ്പിക്കുകയും ഭാവനയുടേയും അനുഭൂതിയുടേയും ലോകത്തേക്ക് അവരെ ഉയർത്തുകയും ചെയ്യുമ്പോഴാണ് അത് സാഹിത്യമാകുന്നത് എന്ന അഭിപ്രായത്തോട് ആർക്കും തന്നെ വിയോജിപ്പുണ്ടാകാൻ സാദ്ധ്യതയില്ല. ഈ മാനദണ്ഡം വച്ച് നോക്കുമ്പോൾ എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം ഉൽകൃഷ്ടമായ ഒരു സാഹിത്യ കൃതിയാണെന്ന് കാണാൻ കഴിയും.

പാട്ട്, മണിപ്രവാളം എന്നീ രണ്ടു ശാഖകളിലായി കവിത ഒഴുകിയുരുന്ന ഒരു കാലമുണ്ടായിരുന്നു. മലയാളത്തിൻേറയും സംസ്കൃതത്തിൻേറയും സങ്കരമായ മണിപ്രവാളം മലയാള ഭാഷയുടെ മേൽ പ്രാവണ്യം ചെലുത്തിയുരുന്ന കാലം. നമ്പുതിരിമാരുടെ അശ്ലീലത്തിൽ പൊതിഞ്ഞ സംസ്കൃത ശീലുകൾ മലയാള ഭാഷയുടെ മൗലികത തന്നെ നഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു എന്ന് പറയാവുന്ന ഒരു കാലഘട്ടത്തിലാണ് എഴുത്തച്ഛൻ പാട്ടു സാഹിത്യവും മണിപ്രവാള സാഹിത്യവും ഏകോപിപ്പിച്ചു കൊണ്ട് തൻെറ പ്രൗഢവും മനോഹരവുമായ കാവ്യ ഭാഷയിൽ അദ്ധ്യാത്മരാമായണം പരിഭാഷപ്പെടുത്തിയത്. തനി സംസ്കൃത ബാഹുല്യമില്ലാത്ത മണിപ്രവാള രീതിയാണ് രാമായണത്തിൽ കാണുന്നത്. കാവ്യ ഭാഷയിൽ എഴുത്തച്ഛൻ വരുത്തിയ പരിവർത്തനം പിന്നീട് വന്ന കവികൾക്ക് ആകർഷണീയമായി. സാമായണത്തിലെ വരികളിലൂടെ എഴുത്തച്ഛൻ പ്രകടമാക്കിയ ആശയ സമ്പുഷ്ടതയും ഭാവനാ വിശാലതയും വർണ്ണനാപാടവവും ആദ്ധ്യാത്മചിന്തയും മനോഹരമായ അലങ്കാര പ്രയോഗങ്ങളും പിന്നീടു കവിമനുസ്സുകളെ സ്വാധീനിക്കുകയും എഴുത്തച്ഛനെ അനുകരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. തൽഫലമായി രാമായണത്തിലെ ഭാഷാരീതിയുടേയും ആശയങ്ങളൂടേയും മറ്റും പ്രതിഫലനം മലയാളസാഹിത്യത്തിൽ കണാൻ തുടങ്ങി. എഴുത്തച്ഛൻ രാമായണത്തിൽ വെട്ടിത്തുറന്ന നൂതന സരണിയിൽ നിന്ന് അത്രക്കൊന്നും വ്യതിചലിക്കതെ എഴുത്തുകാർ സഞ്ചരിച്ചിരുന്നു എന്നറിയുമ്പോഴാണ് രാമായണം മലയാള ഭഷാസാഹിത്യത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനത്തിൻെറ ആഴവും വ്യാപ്തിയും മാഹാത്മ്യവും വ്യക്തമാകുന്നതും മലയാള ഭാഷയുടെ പിതാവ് എന്ന് എഴുത്തച്ഛനു നൽകിയ പദവിക്ക് അദ്ദേഹം എത്രയോ അർഹനാണെന്നും ചിന്തിച്ചു പോകുന്നത്.

സാഹിത്യ മൂല്യമുള്ള ഉൽകൃഷ്ട രചനകളാണ് ഭാഷാസാഹിത്യത്തിൻെറ വികാസത്തിന് പ്രധാന പങ്കു വഹിക്കുന്നത്. രാമായണത്തിൻെറ അടിസ്ഥാനത്തിൽ അല്ലെങ്കിൽ രാമായണത്തിൽ നിന്ന് ഇതിവൃത്തമെടുത്തു രചിച്ച കവിതകളും നോവലുകളും മലയാള ഭാഷാസാഹിത്യത്തെ സ്മൃദ്ധമാക്കിയിട്ടുണ്ട്. നമ്മുക്ക് അഭിമാനിക്കാവുന്ന ആദ്യകാല സാഹിത്യ രചനകളാണ് ചമ്പുക്കൾ. ഏതെങ്കിലും കഥാ വസ്തു എടുത്ത് അതിനെ വിസ്തരിച്ച് വർണ്ണിക്കുന്നതാണ് ചമ്പുക്കളുടെ രീതി. രാമായണത്തിൽ നിന്ന് ഇതിവൃത്തമെടുത്ത് പുനം നമ്പൂതിരിപ്പാട് രചിച്ചിട്ടുള്ള ചമ്പുക്കൾ മലയാള ഭാഷാസാഹിത്യത്തെ ഉത്തേജിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ രാമായണം ചമ്പു ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്. രാമായണം ചമ്പുവിൽ ശൂർപ്പണഖ, രാവണൻ മുതലായ കഥാപത്രങ്ങളെ വളരെ മിഴിവോടെ കേരളീയ പശ്ചാത്തലത്തിൽ പുനം നമ്പൂതിരിപ്പാട് അവതരിപ്പിച്ചിട്ടുണ്ട്.

നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ രാമായണം മലയാള ഭാഷാസാഹിത്യത്തെ സ്വാധീനിച്ചിരുന്നു എന്നതിനു ഉദാഹരണമാണ് ചമ്പുക്കൾ.

കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതാകാവ്യത്തിന്റെ പ്രമേയത്തിനടിസ്ഥാനം രാമായണമാണ്. നിരവധി നിരൂപണത്തിനും വിമർശനത്തിനും വിധേയമായ ഒരു രചനയാണ് സീതാകാവ്യം. മഹാകവി ഉള്ളൂർ, എൻ. രാധാകൃഷ്ണൻ നായർ, സുകുമാർ അഴിക്കോട് തുടങ്ങിയ പണ്ഡിതന്മാർ ഈ കൃതിയെ പറ്റി എഴുതിയ നിരൂപണങ്ങളും അഭിപ്രായങ്ങളും മലയാള ഭാഷക്ക് സമ്പത്തു തന്നെയാണ്. ഏതു സമൂഹത്തിലും കാരുണ്യം, സഹാനുഭൂതി തുടങ്ങിയ വികാരങ്ങൾക്ക് സ്ഥാനമുണ്ട്. ഈ മൗലിക വികാരങ്ങൾ ശ്രേഷ്ടമായ ഒരു സംസ്കാരത്തിന്റെ മുഖമുദ്രകളാണ്. എന്നാൽ സീതക്ക് കാരുണ്യവും സഹാനുഭൂതിയും നിഷേധിക്കപ്പെട്ടു. സീതയുടെ ദുരന്തത്തെ പറ്റി ചിന്തച്ചപ്പോൾ നിർദ്ദയമായ സമൂഹത്തെയോർത്ത് കവി അമർഷം കൊണ്ടു കാണും. തനിക്ക് അനുഭവിക്കേണ്ടി വന്ന അനീതിക്കെതിരെ ശബ്ദമുയർത്താതെ എല്ലാം സഹിച്ച രാമായണത്തിലെ സീതയിൽ നിന്ന് വ്യത്യസ്ഥമായ ഒരു സീതയെ അവതരിപ്പിച്ചു കൊണ്ട് സ്വാതന്ത്ര്യത്തിനും അവകാശത്തിനും വേണ്ടി നിലകൊള്ളണമെന്ന് ആശാൻ ആധുനിക സ്ത്രീകൾക്ക് പ്രേരണ നൽകുന്നു. സ്ത്രീകൾ അടിച്ചമർത്തപ്പെടേണ്ടവരല്ലെന്ന് വെളിപ്പെടുത്താൻ ആശാന് ഉത്തേജനം നൽകിയത് രാമായണത്തിലെ സീത അനുഭവിച്ച യാതനകളാണെന്ന് കരുതാം. സമകാലിക സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്ത്രീകളുടെ പാരതന്ത്ര്യത്തിനെതിരെ വാദിക്കാനും ഉൽകൃഷ്ടമായ ഒരു കാവ്യം രചിക്കാനും ആശാന് പ്രചോദനമായത് രാമായണമാണ്.

രാമായണത്തെ ആസ്പദമാക്കി വള്ളത്തോൾ പല കവിതകളും എഴുതിയിട്ടുണ്ട്. വള്ളത്തോളിന്റെ പ്രസിദ്ധമായ കവിതയാണ് 'പുരാണങ്ങൾ'. ഭാരതീയ സംസ്ക്കാരത്തിന്റെ മേന്മയും നമ്മുടെ ഋഷീശ്വരന്മാരുടെ മഹത്വവും വളരെ തന്മയത്വത്തോടെ ഈ കവിതയിൽ അവതരിപ്പിച്ചിട്ടുണ്ട്. രാമായണത്തിലെ കഥാവസ്തുവിനെ ആസ്പദമാക്കി വള്ളത്തോൾ എഴുതിയ 'കിളിക്കൊഞ്ചൽ' എന്ന കവിത മലയാള സാഹിത്യഭണ്ഡാരത്തിലെ ഒരു അമൂല്യ രത്നമാണ്. ത്രേതായുഗത്തിലെ മിഥിലയിലെ പൂന്തോട്ടത്തിൽ കളിച്ചു കൊണ്ടിരുന്ന അഞ്ചു വയസ്സുകാരി സീതയുടെ അടുത്തേക്ക് വാൽമീകി ആശ്രമത്തിൽ നിന്ന് പറന്നെത്തിയ പൈങ്കിളികൾ കൊച്ചു സീതക്ക് രാമായണം പറഞ്ഞു കൊടുക്കുന്നു. സീതാസ്വയംവരത്തെ സംബന്ധിച്ച് കുട്ടി അമ്മയോട് ചില സംശയങ്ങൾ ചോദിക്കുന്നു. അത്രയെ കഥയുള്ളു. പിന്നെയെല്ലാം വള്ളത്തോളിന്റെ ഭാവനയാണ്. മിഥിലാപുരിയിൽ നിന്ന് ഭാവനയുടെ തേരിലേറ്റി അനുവാചകരെ കവി കൂട്ടിക്കൊണ്ടു പോകുന്നത് മുഗ്ദസൗന്ദര്യത്തിന്റെ മൂർത്തീഭാവമായ സീതയുടെ അടുത്തേക്കാണ്. സീതയുടെ അയോദ്ധ്യയിലെ കുറച്ചു കാലത്തെ ജീവിതം, വനവാസകാലം, രാജസഭയിൽ രാമന്റെ മുമ്പിൽ വച്ചുണ്ടായ അപമാനം എന്നിവയൊക്കെ വായനക്കാരുടെ ഹൃദയത്തിൽ പ്രതിബിംബിക്കത്തക്കവണ്ണം ഭാവനയുടെ ലോകത്തു നിന്ന് കവി ഹൃദ്യമായി വർണ്ണിച്ചിരിക്കുന്നു. ഇങ്ങനെ ഭാവനാ സമ്പന്നമായ ഒരു കവിത രചിച്ച് മലയാള ഭാഷാസാഹിത്യത്തെ സമൃദ്ധമാക്കാൻ രാമായണം വള്ളത്തോളിന് പ്രചോദനമായി. ഉള്ളൂരിന്റെ 'കവിയും കീർത്തിയും' എന്ന ഉള്ളൂരിന്റെ 'കവിയും കീർത്തിയും' എന്ന കവിതയിൽ രാമായണം കഥയുടെ പരാമർശമുണ്ട്. താൻ കാവ്യദേവതയാണെങ്കിലും രാവണന്റെ പിടിയിൽ അകപ്പെട്ടു പോയ സീതയെ പോലെ അസ്വതന്ത്രയാണെന്ന് കാവ്യദേവതയെക്കൊണ്ട് കവി പറയിക്കുന്നു. കാവ്യാംഗനയുടെ അസ്വാതന്ത്ര്യം ചിത്രീകരിക്കാൻ ഉള്ളൂർ കണ്ടെത്തിയത് രാമായണത്തിലെ സീതയുടെ തടവുകാലമാണ്.

ആധുനിക കവികളും രാമായണത്തിൽ നിന്ന് ഇതിവൃത്തമെടുത്ത് സാഹിത്യമൂല്യമുള്ള കവിതകൾ രചിച്ച് മലയാള ഭാഷയെ സമ്പന്നമാക്കിയിട്ടുണ്ട്. സച്ചിദാനന്ദൻ രാമായണത്തിൽ നിന്ന് ഇതിവൃത്തമെടുത്ത് എഴുതിയതാണ് ' 'എഴുത്തച്ഛൻ എഴുതുമ്പോൾ' എന്ന കവിത. മഴ പോലെ വന്നു വീഴുന്ന രാമായണത്തിലെ വരികൾ ബാല്യകാലത്തു തന്നെ നിരന്തരമായി കേട്ടു വളർന്ന സംസ്കാരത്തിന്റെ സംഭാവനയാണ് 'എഴുത്തച്ഛൻ എഴുതുമ്പോൾ' എന്ന കവിതയെന്ന് കവി തന്നെ അഭിപ്രായപ്പെട്ടിരിക്കുന്നു. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിലെ സവിശേഷതകളും കഥാ സന്ദർഭങ്ങളും മനോഹരവും ഹൃദ്യവുമായി അവതരിപ്പിച്ചിരിക്കുന്ന സച്ചിദാനന്ദന്റെ ഈ കവിത മലയാള ഭാഷാസാഹിത്യത്തിന് ഒരു മുതൽകൂട്ടാണ്. ഈടശ്ശേരി ഗോവിന്ദൻ നായരും രാമായണത്തിന്റെ ശീതളച്ഛായയിൽ ഇരുന്ന് ' ഹനുമാത് സേവ തുഞ്ചൻ പറമ്പിൽ' എന്ന മനോഹരമായ കവിത എഴുതി മലയാള ഭാഷാസാഹിത്യത്തിന് സമ്മാനിച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛനേയും ഹനുമാനേയും ഹൃദയത്തിൽ ഒപ്പമിരുത്തി പൂജിച്ചതിന്റെ പരിണിതഫലമാണ് 'ഹനുമാത് സേവ തുഞ്ചൻ പറമ്പിൽ' എന്ന കവിത എന്ന് ഇടശ്ശേരി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

നിൻ കഴൽപ്പൊടിയൊന്നെൻ ശിരസ്സിൽ പതിയു–
മന്നെൻ കണ്ഠം പക്ഷെ രണ്ടാം മേഘസന്ദേശം പാടും

എന്നാണ് കവി ആഗ്രഹിക്കുന്നത്. രാമഭക്തനായ ഹനുമാൻെറ പാദത്തിലെ പൊടി തൻെറ ശിരസ്സിൽ എന്നാണോ പതിയുന്നത് അന്ന് രണ്ടാം മേഘസന്ദേശം രചിക്കാൻ ഞാൻ കഴിവുള്ളവനായിത്തീരുമെന്ന് പ്രത്യാസിക്കുന്നു. തത്വചിന്തയിൽ ചാലിച്ചെഴുതുമ്പോൾ കവിതക്ക് ശാശ്വതമൂല്യമുണ്ടാകുമെന്ന് എഴുത്തച്ഛൻ കാണിച്ചു കൊടുത്തിട്ടുണ്ട്. അത്യന്തം വൈരുദ്ധ്യവും വൈചിത്ര്യവും നിറഞ്ഞതാണ് പ്രപഞ്ചവും മനുഷ്യജീവിതവും. ജീവിതത്തിൻെറ അസ്ഥിരതയെ ചൂണ്ടിക്കാണിച്ചു കൊണ്ട് ആശാൻ എഴുതി

ഒരു നിശ്ചയവുമില്ലയൊന്നിനും
വരുമോരോ ദശ വന്ന പോലെ പോം
വിരിയുന്നു മനുഷ്യനേതിനോ
തിരിയാലോക രഹസ്യമാർക്കുമേ

ആശാൻ ഈ വരികൾ എഴുതിയത് രാമായണത്തിൻെറ സ്വാധീനം കൊണ്ടാണെന്ന് ചിന്തിക്കാൻ ന്യായം കാണുന്നുണ്ട്.

താന്തർ പെരുവഴിയമ്പലം തന്നിലെ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രമചഞ്ചലമാലയ സംഗമം

എന്ന് രാമായണത്തിൽ കാണുന്നു. ജീവിതത്തിൻെറ അസ്ഥിരത ഈ ശ്ലോകത്തിലും പ്രതിഫലിക്കുന്നുണ്ട്. അനുയോജ്യമായ അലങ്കാര പ്രയോഗത്തിലൂടെ കാവ്യത്തിൻെറ ചമൽക്കാരം വർദ്ധിപ്പിക്കാമെന്നും എഴുത്തച്ഛൻ രാമായണത്തിലൂടെ കാണിച്ചു കൊടുത്തു. ദീപകം, ഉപമ, ഉൽപ്രേക്ഷ അപ്രസ്തുതം മുതലായ അലങ്കാരങ്ങൾ രാമായണത്തിൽ ഔചിത്യത്തോടു കൂടി എഴുത്തച്ഛൻ പ്രയോഗിച്ചിട്ടുണ്ട്.

ചരമഗിരി സിരസി രവിയും പ്രവേശിച്ചിതു
ചാരു ലങ്കാ ഗോപുരാഗ്രേ കപീന്ദ്രനും

അസ്തമയ പർവ്വതത്തിന് മുകളിൽ സൂര്യനും മനോഹരമായ ലങ്കാഗോപുരത്തിന് മുകളിൽ വാനര ശ്രേഷ്ഠനായ ഹനുമാനും എത്തിച്ചേർന്നു. സൂര്യനസ്തമിച്ചപ്പോഴാണ് ഹനുമാൻ ലങ്കയിൽ പ്രവേശിച്ചതെന്നു സാരം. ഹനുമാൻെറ ലങ്കാപ്രവേശം രാവണൻെറ പ്രതാപമാകുന്ന സൂര്യൻെറ അസ്തമയമായിരുന്നു എന്ന ആശയം അനുയോജ്യമായ അലങ്കാരത്തിലൂടെ വ്യഞ്ജിപ്പിച്ചിരിക്കുന്നു. പിന്നീട് വന്ന കവികളും എഴുത്തച്ഛനെ മാതൃകയാക്കി ആശയങ്ങളു ം ഭാവങ്ങളും ബന്ധപ്പെടുത്തി സന്ദർഭത്തോട് പരമാവധി പൊരുത്തപ്പെട്ടു പോകത്തക്കവണ്ണം അലങ്കാരങ്ങൾ പ്രയോഗിച്ച് കവിതയുടെ മനോഹാരിത വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇങ്ങനെ മലയാള ഭാഷാസാഹിത്യത്തിലൂടെ കടന്നു പോകുമ്പോൾ രാമായണത്തിൻെറ സ്വാധീനം കൊണ്ട് രചിക്കപ്പെട്ട നിരവധി കൃതികൾ മലയാള ഭാഷാസാഹിത്യത്തിൻെറ വികാസത്തിന് അമൂല്യമായ സംഭാവനകൾ നൽകിയിട്ടുള്ളതായി കാണാം. രാമായണത്തിൻെറ ആന്തരാത്മാവിലേക്ക് ആഴ്ന്നിറങ്ങാൻ സാധിച്ചാൽ രാമായണത്തിൻെറ ശ്രേഷ്ഠതയിലും മാഹാത്മ്യത്തിലും നമ്മൾ അഭിമാനം കൊള്ളും.